30/12/21

16/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 1445(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 13053/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

തീയതി: 2021 ഡിസംബർ 16

ശ്രീ. ഷിനോജ് എസ്.,
സെക്രട്ടറി,
കെ.പി.സി.സി. വിചാർ വിഭാഗ്,
മാവേലിക്കര. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഇൻസ്പെക്ടർ/എസ്.എച്ച്.ഒ.,
മാവേലിക്കര പോലീസ് സ്റ്റേഷൻ,
മാവേലിക്കര, ആലപ്പുഴ.
2) അപ്പീൽ അധികാരി &
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
ചെങ്ങന്നൂർ, ആലപ്പുഴ. — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 17/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 26/04/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 06/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 06/10/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 06/09/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 16/10/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28/10/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09/11/2021 |
| ഹിയറിംഗ് നടന്ന തീയതി | 14/12/2021 – വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം :അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ | ഹാജരായി ഓഡിയോ<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ഷിനോജ് എസ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ 17.3.2021-ലെ വിവരാവകാശ അപേക്ഷയിലെ 1, 2 എന്നീ ഇനങ്ങൾക്ക് 15.7.2021 തീയതി 768/- രൂപ ട്രഷറിയിൽ അടച്ച ചലാൻ രസീത് നൽകിയിട്ട് പകർപ്പുകൾ അയച്ചു നൽകുന്നതിന് കാലതാമസം വരുത്തിയത് സംബന്ധിച്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് പരാതി നൽകിയതിന്റെ

അടിസ്ഥാനത്തിലാണ് പകർപ്പുകൾ അയച്ചു നൽകിയത് എന്നും അപേക്ഷയിലെ 3-ാം ഇനത്തിൽ ആവശ്യപ്പെട്ട പരാതിയുടെ പകർപ്പുകൾ ലഭിച്ചിട്ടില്ലെന്നും ആയത് കോടതി ആവശ്യത്തിന് ഹാജരാക്കുന്നതിനു വേണ്ടിയാണെന്നും പല തവണ ഫോണിലൂടെ പകർപ്പ് ആവശ്യപ്പെട്ട് ടി കാര്യാലയത്തിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടിട്ടും നടപടികൾ സ്വീകരിച്ചില്ല എന്നും ആയതിനാൽ ടിയാന്റെ അപേക്ഷ പരിശോധിച്ച് രേഖകൾ നൽകുന്നതിനും കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ ശിക്ഷാനടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 17.03.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. 01.11.2018 തീയതി മുതൽ 31.01.2019 തീയതി വരെയുള്ള പരാതി രജിസ്റ്ററിന്റെ പകർപ്പ് നൽകണമെന്നും

ii. 01.01.2020 തീയതി മുതൽ 31.01.2020 തീയതി വരെയുള്ള പരാതി രജിസ്റ്ററിന്റെ പകർപ്പ് നൽകണമെന്നും

iii. 01.11.2018 തീയതി മുതൽ 31.01.2020 തീയതി വരെ ടി കാര്യാലയത്തിൽ ശ്രീമതി പ്രീജ, ശ്രീ. ബിജോയി, അജയ് നിലയം, പുന്നമ്മൂട്, മാവേലിക്കര എന്ന മേൽ വിലാസത്തിൽ ടി പരാതിക്കാർ ടിയാനെതിരെ മാവേലിക്കര പോലീസ് സ്റ്റേഷൻ കാര്യാലയത്തിൽ നൽകിയിട്ടുള്ള പരാതികൾ എത്രയെന്നും നൽകിയിട്ടുള്ള മുഴുവൻ പരാതികളുടെ പകർപ്പുകളും അവയുടെ പരാതി നമ്പറും നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 26.4.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, മേൽപ്പടി മറുപടിയിലെ 1, 2 ചോദ്യങ്ങൾക്ക് ഫീസ് ഒടുക്കിയിട്ടും പകർപ്പുകൾ അയച്ച് നൽകുന്നതിന് കാലതാമസം വരുത്തി എന്നും 3-ാം ചോദ്യത്തിന് പരാതി പകർപ്പ് നൽകിയില്ല എന്നും ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 6.10.2021 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, മേൽപ്പടി അപ്പീൽ സംബന്ധിച്ച് ഇരു കക്ഷികളെയും നേരിൽ കേൾക്കുകയും എസ്.എച്ച്.ഒ.യുടെ മറുപടി പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ 17.8.2021 തീയതിയിൽ 768/- രൂപയുടെ ചലാൻ ഹാജരാക്കിയതിനെ തുടർന്ന് 19.8.2021 തീയതിയിൽ ലഭ്യമായ പകർപ്പുകൾ സ്പീഡ് പോസ്റ്റ് മുഖേന ഹർജിക്കാരന് നൽകിയിരുന്നെന്നും നം.1008/പി1/18/കെ1, നം.1085/പി1/2018/കെ1 എന്നീ പരാതികൾ കണ്ടെടുക്കാൻ സാധിക്കാത്തതു മൂലവും സ്റ്റേഷനിലെ ഫോട്ടോസ്റ്റാറ്റ് മെഷീൻ കേടായതു മൂലവുമാണ് രേഖകൾ നൽകാൻ

വൈകിയതെന്നും. രണ്ട് പരാതികൾ കണ്ടെത്താൻ കഴിയാത്തതിനാൽ ടി പരാതികളുടെ നടപടികൾ പെറ്റീഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ പകർപ്പുകൾ അപേക്ഷകന് ലഭ്യമാക്കിയിട്ടുള്ളതാണെന്നും പരാതികൾ കണ്ടെത്തുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമങ്ങൾ നടന്നു വരുന്നുവെന്നും എസ്.പി.ഐ.ഒ. അറിയിച്ചിട്ടുണ്ടെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട പരാതികളുടെ പകർപ്പുകൾ കണ്ടെത്തി നൽകണമെന്ന് മാവേലിക്കര എസ്.എച്ച്.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കുന്നുവെന്നുമാണ്.

4. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, മാവേലിക്കര പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ ഓരോ മാസവും നൂറു കണക്കിനായി ലഭിക്കാറുള്ളതാണെന്നും ടി പരാതികൾ സൂക്ഷിക്കുന്ന റെക്കോർഡുകളിൽ നിന്നും അപേക്ഷകൻ ആവശ്യപ്പെട്ട പരാതികൾ കണ്ടെടുക്കുന്നതിനായി സ്റ്റേഷനിലെ 5 ഉദ്യോഗസ്ഥരെ നിയോഗിച്ച് നിരവധി ദിവസങ്ങൾ തെരച്ചിൽ നടത്തിയിരുന്നതും പഴയ റെക്കാർഡുകൾ തുടർന്നും പരിശോധിച്ചു വരുന്നതുമാണെന്നും ടി രേഖകൾ കണ്ടെടുക്കുന്നതിന് ആത്മാർഥമായ പരിശ്രമങ്ങൾ നടത്തിയിരുന്നുവെങ്കിലും ആയവ കണ്ടെത്താൻ കഴിയാതിരുന്നതു മൂലമാണ് അവയുടെ പകർപ്പുകൾ പരാതിക്കാരന് ലഭ്യമാക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളതെന്നും മന:പൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലെന്നും ടി പരാതികൾ പതിച്ചതിലേക്കുള്ള രജിസ്റ്റർ പേജുകളും പകർപ്പുകളും ടിയാൻ ആവശ്യപ്പെട്ട നം.112/17/2020/കെ1 പരാതി പകർപ്പും ടിയാന് സൗജന്യമായി നൽകിയത് ടിയാന്റെ ആവശ്യങ്ങൾ നിയമാനുസരണം സാധ്യമാകണമെന്ന ഉദ്ദേശത്തോടു കൂടിയാണെന്നും എതിർകക്ഷി കാര്യാലയത്തിലെ ക്രൈം 2567/2018 u/s 451, 294(b), 506(1), 354, 324 IPC പ്രകാരമുള്ള കേസിൽ ടിയാനെതിരെ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചിരുന്ന വിരോധത്തിലാണ് പരാതിയുടെ പകർപ്പ് മന:പൂർവ്വം നൽകാതെ ടി കാര്യാലയത്തിലെ ഉദ്യോഗസ്ഥരെ കേസിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്നു എന്ന ആരോപണം ഉന്നയിച്ചിട്ടുള്ളതെന്നും ടിയാന്റെ അപേക്ഷ പ്രകാരം ആലപ്പുഴ ജില്ലാ പോലീസ് മേധാവി പുനരന്വേഷണത്തിന് ഉത്തരവിട്ടിരുന്നതും ടി അന്വേഷണത്തിൽ ഡി.വൈ.എസ്.പി. അവർകൾ ടിയാൻ കുറ്റക്കാരനാണെന്ന് കണ്ട് കുറ്റപത്രം സമർപ്പിച്ചിരുന്നതും ആയത് വിചാരണയിലിരിക്കുകയാണെന്നും ഹർജിക്കാരന് മന:പൂർവ്വമായി പരാതിയുടെ പകർപ്പുകൾ നൽകാതിരുന്നിട്ടില്ല എന്നും ടി കേസിലെ (ക്രൈം. 2567/2018) വാദിയും ഭർത്താവും (പ്രീജ/ബിജോയ്) നൽകിയ പരാതികൾ സ്റ്റേഷൻ രേഖകളിൽ നിന്നും കണ്ടെടുക്കാൻ സാധ്യമായ ശ്രമങ്ങൾ നടത്തിയിട്ടും

സാധിക്കാതെ വന്നതിനാലാണ് അപേക്ഷകന് പകർപ്പുകൾ നൽകുന്നതിന് സാധിക്കാതെ വന്നിട്ടുള്ളതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ പകർപ്പ് ഫീ ആയി 15.7.2021 ന് പണം ഹാജരാക്കിയിട്ടും കാലതാമസം വരുത്തി ടി രേഖകൾ 19.8.2021 നാണ് നൽകിയിട്ടുള്ളത് എന്നതും ടിയാനെതിരെ ലഭിച്ച 3 പരാതികളിൽ 1008/പി1/18/കെ1, 1085/പി1/2018/കെ1 എന്നീ രണ്ട് പരാതികളുടെ പകർപ്പ് ഹർജിക്കാരന് ലഭ്യമാക്കിയിട്ടില്ല എന്നതും വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പുപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് 31.12.2021–നകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. ഹർജിക്കാരന് ലഭ്യമാക്കാൻ ബാക്കി നിൽപ്പുള്ള രണ്ട് പരാതികളുടെ പകർപ്പുകൾ തെരഞ്ഞ് കണ്ടെത്തി ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ഹർജിക്കാരന് നൽകണമെന്നും അപ്രകാരം പരാതികൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എങ്കിൽ ടി പരാതികൾ നഷ്ടപ്പെടുത്തിയതിന് കാരണക്കാരനായ ഉദ്യോഗസ്ഥന്റെ വിശദീകരണം സഹിതമുള്ള റിപ്പോർട്ട് 15 ദിവസത്തിനകം കമ്മീഷനിൽ ഹാജരാക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 16–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത,
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്:

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION